(ബി) 2011 മുതൽ ഏതൊക്കെ തീയതികളിലാണ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇതുവരെയായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിലുള്ള പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് 11.9.2014 തീയതിയിൽ നിലവിൽ വന്നു. ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി 35 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇനി 10 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 4-10-2011-ൽ 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ആയത് നികത്തുകയും ചെയ്തിട്ടുണ്ട്. ഈ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെയായി ആകെ 35 ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(സി) നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

**നെടുമങ്ങാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

**271 (2826)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നാളിതുവരെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം അറിയിക്കുമോ ; ഇവരിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും എണ്ണം നൽകുമോ ;

(ബി) പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 25 വർഷവും അതിനു മുകളിലും സീനിയോറിറ്റിയുള്ളവരുടെ എണ്ണം അറിയിക്കാമോ ;

(സി) 2011 മുതൽ 2014 ഒക്ടോബർ മാസം വരെ ഓരോ വർഷവും നെടുമങ്ങാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എത്ര പേരെയാണ് ജോലിക്കായി ശുപാർശ ചെയ്തിട്ടുള്ളതെന്നും അവരിൽ എത്ര പേർക്ക് ജോലി ലഭിച്ചുവെന്നുള്ള കണക്ക് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

| | |
|---|---|
| ഓപ്പൺ | - 62612 |
| എസ്.സി. | - 13611 |
| എസ്.റ്റി.ബി. | - 3094 |
| ആകെ | - 79317 |

ഇവരിൽ,

| | |
|---|---|
| പുരുഷന്മാരുടെ എണ്ണം | - 30553 |
| സ്ത്രീകളുടെ എണ്ണം | - 48764 |

(ബി) 4515 ഉദ്യോഗാർത്ഥികൾ.

(സി) 12709 പേരെ ജോലിക്കായി ശിപാർശ ചെയ്തിട്ടുണ്ട്. ഇവരിൽ 704 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജോലിക്കായി ശിപാർശ ചെയ്തവരുടെ എണ്ണം

| | |
|---|---|
| 2011 | - 2845 |
| 2012 | - 3451 |
| 2013 | - 4083 |
| 2014 ഒക്ടോബർ വരെ | - 2330 |
| ആകെ | - 12709 |

ജോലി ലഭിച്ചവരുടെ എണ്ണം

| | |
|---|---|
| 2011 | - 161 |
| 2012 | - 198 |
| 2013 | - 194 |
| 2014 ഒക്ടോബർ വരെ | - 151 |
| ആകെ | - 704 |